"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം - കൊല്ലം ജില്ലയിലെ നോർത്ത് മൈനാഗപ്പള്ളി എസ്.കെ.വി.യു.പി.എസ് -ലെ എൽ.ജി ഹിന്ദി ടീച്ചറായിരുന്ന ശ്രീമതി.ഇന്ദിരാദേവി എസ്.ഫയൽ ചെയ്ത റിട്ട് ഹർജി നം.23786/2022 ന്മേലുള്ള ബഹു.ഹൈക്കോടതിയുടെ 10/08/2022-ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്

സ.ഉ.(സാധാ) നം.4644/2023/GEDN തീയതി,തിരുവനന്തപുരം, 14-08-2023

പരാമർശം:-

1. സ.ഉ.(അച്ചടി) നം. 317/05/പൊ.വി.വ തീയതി 17/08/2005
2. സ.ഉ.(അച്ചടി) നം. 10/10/പൊ.വി.വ തീയതി 12/01/2010 .
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 21.06.2010 ലെ നമ്പർ എസ്.സി(2) 43419/2010 സർക്കുലർ
4. സ.ഉ.(അച്ചടി) നം. 199/2011/പൊ.വി.വ തീയതി 01.10.2011
5. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 14.12.2011 ലെ എച്ച്2/35920/2011നമ്പർ ഉത്തരവ്
6. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 18.06.2022 ലെ RA (4)/6534/2022/DGE നം ഉത്തരവ്
7. ശ്രീമതി.ഇന്ദിരാദേവി എസ്. ന്റെ 04/07/2022 തീയതിയിലെ റിവിഷൻ ഹർജി.
8. ശ്രീമതി.ഇന്ദിരാദേവി എസ്. ഫയൽ ചെയ്ത റിട്ട് ഹർജി നം.23786/2022 ന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 10/08/2022-ലെ വിധിന്യായം.
9. ചവറ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 12/10/2022-ലെ സി/1337/2022 നമ്പർ കത്ത് .
10. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 18/10/2022-ലെ ആർഎ4/11289/2022/ഡി.ജി.ഇ നമ്പർ കത്ത് .

11. കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ 01/11/2022-ലെ ബി1/11443/2022 നമ്പർ കത്ത്

ഉത്തരവ്

കൊല്ലം ജില്ലയിലെ നോർത്ത് മൈനാഗപ്പള്ളി എസ്.കെ.വി.യു.പി.എസ് -ലെ എൽ.ജി ഹിന്ദി ടീച്ചറായിരുന്ന ശ്രീമതി. ഇന്ദിരാദേവി എസ്. ഫയൽ ചെയ്ത റിട്ട് ഹർജി നം.23786/2022 മേലുള്ള പരാമർശം (8) വിധിന്യായത്തിൽ ബഹു. ഹൈക്കോടതി ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച് 4 മാസത്തിനുള്ളിൽ ഹർജിക്കാരിയേയും അഞ്ചാം എതിർകക്ഷിയായ എസ്.കെ.വി.യു.പി.എസ് -ലെ മാനേജരേയും നേരിൽ കേട്ട ശേഷം പരാമർശം (7) പ്രകാരമുള്ള Ext.P8 ഹർജി തീർപ്പാക്കാൻ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെയും മാനേജരുടെയും അംഗീകൃത നോമിനികളേയും, മറ്റ ബന്ധപ്പെട്ട കക്ഷികളേയും 02/11/2022 ൽ നേരിൽ കേട്ടു.

2. ഈ വിഷയം സംബന്ധിച്ച് ഹർജിക്കാരിയുടെയും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും വാദഗതികൾ ചുവടെ ചേർക്കുന്നു.

i. **ഹർജിക്കാരി**

പരാമർശം (5) ഉത്തരവ് പ്രകാരം ഹർജിക്കാരി സമർപ്പിച്ച റിവിഷൻ പെറ്റീഷൻ തള്ളിയത് കേസിന്റെ മെറിറ്റ് പരിശോധിക്കാതെയും മാത്രവുമല്ല, പരാമർശം (3) പ്രകാരമുള്ള സർക്കുലറിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾക്ക് എതിരാണ്. 2007-08 മുതൽ 2009-10 വരെയുള്ള ഡിവിഷനുകളുടെ കണക്കാക്കൽ തെറ്റും നിയമവിരുദ്ധവുമാണ് കൂടാതെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സർക്കുലറിനും മറ്റ് നിയമപരമായ വ്യവസ്ഥകൾക്കും വിരുദ്ധമാണ്. ഈ വർഷങ്ങളിൽ കുട്ടികളുടെ എണ്ണവും ഡിവിഷനും കുറവ് ചെയ്തതും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയോ, സൂപ്പർ ചെക്ക് സെല്ലിന്റെയോ പരിശോധന കൂടാതെയായിരുന്നു. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 28.03.2011 ലെ കത്ത് പ്രകാരം 2010-11 കാലയളവിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അപേക്ഷകന്റെ നിയമനത്തിന് അനുമതി നിഷേധിച്ചത് നിയമവിരുദ്ധമാണ്. 51 എ അവകാശിക്ക് മുൻഗണന നൽകി ഒരു സംരക്ഷിത അദ്ധ്യാപകനെ നിയമിക്കണമെന്ന് കത്തിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പറഞ്ഞിട്ടില്ല. മറുവശത്ത്, 51 എ അവകാശികൾക്ക് സംരക്ഷിത അധ്യാപകർക്ക് മുൻഗണന നൽകി നിയമനം നൽകണമെന്ന് കോടതിയുടെ വിവിധ വിധികൾ പറയുന്നു. അതിനാൽ 51എ ക്ലെയിം

ലഭിക്കാൻ അപ്പീലിന് അവകാശമുണ്ട്. ആയതിനാൽ 15.07.2007 മുതൽ 31.05.2011 വരെയുള്ള നിയമനം അംഗീകരിക്കണം.

ii. <u>ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ</u>

ചവറ ഉപജില്ലാ വിദ്യാഭ്യാസ ആഫീസിന്റെ പരിധിയിൽ വരുന്ന എയ്ഡഡ് സ്കൂളായ എസ്.കെ.വി.യു.പി.എസ് മൈനാഗപ്പള്ളിയിലെ 2004-2005 വർഷത്തെ സ്റ്റാഫ്ഫിക്സേഷൻ നടത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടി സ്കൂളിൽ 11 ഡിവിഷനുകൾ നിലനിന്നിരുന്നു. 23.07.2004, 17.02.2005 തീയതികളിൽ പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും പ്രസ്തുത സ്കൂളിൽ നടത്തിയ സൂപ്പർ ചെക്ക് സെൽ പരിശോധനയിൽ ഡിവിഷനുകളുടെ എണ്ണം 8 ആയി കുറയുകയും എൽ.ജി. ഹിന്ദി ഉൾപ്പെടെ 4 പോസ്റ്റുകൾ ഇല്ലാതാവുകയും ചെയ്തു. അതിൻ പ്രകാരം എൽ.ജി ഹിന്ദി അദ്ധ്യാപികയായ ശ്രീമതി ഇന്ദിരാദേവി എസ് 14.07.2004 ൽ പുറത്താക്കപ്പെട്ടു. എന്നാൽ 2007-2008 ൽ നിലവിലുണ്ടായിരുന്ന 9 ഡിവിഷനുകൾ 11 ഡിവിഷനുകളായി വർദ്ധിച്ചു. എങ്കിലും പരാമർശം (1) ഉത്തരവ് പ്രകാരം നിയമന നിരോധനം നിലനിന്നിരുന്നതിനാൽ അധിക തസ്തിക അനുവദിച്ചില്ല. പരാമർശം (2) ഉത്തരവ് പ്രകാരം നിയമന നിരോധനം പിൻവലിച്ചുകൊണ്ടുള്ള ഉത്തരവു വന്നതിന്റെ അടിസ്ഥാനത്തിൽ 2007-2008 മുതൽ 2009-2010 വരെയുള്ള തസ്തിക നിർണ്ണയം പുനക്രമീകരിച്ചു. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം (3) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ സൂപ്പർ ചെക്ക് സെൽ വന്ന സമയത്ത് ഇല്ലാതിരുന്ന കുട്ടികളെ കുറവ് ചെയ്തുകൊണ്ടാണ് ഫിക്സേഷൻ ക്രമീകരിച്ചത്. ആയതിന്റെ അടിസ്ഥാനത്തിൽ 2007-2008 മുതൽ 2009-2010 വരെ 5 മുതൽ 7 വരെ ക്ലാസ്സുകളിൽ 10 ഡിവിഷൻ മാത്രമാണ് അനുവദിച്ചത്. ആയതിനാൽ ഒന്നിലധികം ഹിന്ദി തസ്തികകൾ അനുവദിക്കുവാൻ സാധിച്ചിരുന്നില്ല. തുടർന്ന് ശ്രീമതി ഇന്ദിരാദേവി എൽ.ജി ഹിന്ദിയെ 01.06.2011 മുതൽ അദ്ധ്യാപക പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാകുന്നു. ശ്രീമതി ഇന്ദിരാദേവി എസ്സ് നൽകിയ റിട്ട് പെറ്റിഷൻ പരിഗണനാർഹമല്ലാത്തതിനാൽ നിരസിച്ച് ഉത്തരവായിട്ടു ള്ളതുമാണ്.

iii. <u>പൊതുവിദ്യാഭ്യാസ ഡയറക്ടർ</u>

നോർത്ത് മൈനാഗപ്പള്ളി എസ്.കെ.വി യു.പി സ്കൂളിലെ 2004-2005 അദ്ധ്യയന വർഷത്തെ തസ്തിക നിർണ്ണയം ചവറ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ പൂർത്തീകരിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ ടി സ്കൂളിൽ 11 ഡിവിഷനുകൾ അനുവദിച്ച് നൽകുകയും ചെയ്തിരുന്നു. എന്നാൽ 23.07.2004, 17.02.2005 തീയതികളിൽ പ്രസ്തുത സ്കൂളിൽ നടത്തിയ

സൂപ്പർചെക്ക് സെൽ പരിശോധനയിൽ ഡിവിഷനുകളുടെ എണ്ണം 11 ൽ നിന്നും 8 ആയി കുറയുകയും എൽ .ജി (ഹിന്ദി) ഉൾപ്പടെ 4 തസ്തികകൾ കുറവ് വരികയും ചെയ്തു. അതിൻപ്രകാരം, ശ്രീമതി.ഇന്ദിരാദേവി. എസ്, ജൂനിയർ ലാംഗ്വേജ് ഹിന്ദി അദ്ധ്യാപികയും 14.07.2004 ൽ തസ്തിക നഷ്ടപ്പെട്ട് സേവനത്തിൽ നിന്നു പുറത്താകുകയുണ്ടായി. 2007- 2008 ൽ നിലവിലുണ്ടായിരുന്ന 8 ഡിവിഷനുകൾക്ക് പുറമേ അധിക ഡിവിഷനുകൾക്ക് സാധ്യതയുണ്ടായിരു ന്നുവെങ്കിലും പരാമർശം (1) ഉത്തരവ് പ്രകാരം 2006-2007 മുതൽ അധിക തസ്തികകൾ അനുവദിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണം നിലനിന്നിരുന്നതിനാൽ അധിക തസ്തിക അനുവദിച്ചില്ല. പരാമർശം (2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2007-2008 മുൽ 2009-2010 വരെയുള്ള തസ്തിക നിർണ്ണയം പുന:ക്രമീകരിച്ചു. പരാമർശം (3) പ്രകാരം സൂപ്പർചെക്ക് സെൽ പരിശോധനാ സമയത്ത് ഇല്ലാതിരുന്ന കുട്ടികളെ കുറവ് ചെയ്തുകൊണ്ടാണ് സ്റ്റാഫ് ഫിക്സേഷൻ ക്രമീകരിച്ചത്. ആയതിന്റെ അടിസ്ഥാനത്തിൽ 2007-2008 മുതൽ 2009-2010 വരെ 5 മുതൽ 7 വരെ ക്ളാസ്സുകളിൽ 10 ഡിവിഷൻ മാത്രമാണ് ചവറ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ അനുവദിച്ചത്. ആയതിനാൽ ഒന്നിലധികം ഹിന്ദി തസ്തികകൾ അനുവദിക്കുവാൻ സാധിച്ചിരുന്നില്ല. തുടർന്ന് എൽ.ജി(ഹിന്ദി) അദ്ധ്യാപികയായ ശ്രീമതി.ഇന്ദിരാദേവിയെ പരാമർശം (4) പ്രകാരം അദ്ധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി 01.06.2011 മുതൽ നിയമന അംഗീകാരം നൽകിയിട്ടുള്ളതാണ്. മാത്രമല്ല സ്കൂൾ മാനേജർ പരാമർശം (2) പ്രകാരമുള്ള ബോണ്ട് വച്ചിട്ടില്ല എന്നും ചവറ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. മേൽ സാഹചര്യത്തിലാണ് ശ്രീമതി.എസ്.ഇന്ദിരാദേവി സമർപ്പിച്ച റിവിഷൻ അപ്പീൽ പരിഗണനാർഹമല്ലാത്തതിനാൽ നിരസിച്ചിട്ടുള്ള വിവരം അറിയിക്കുന്നു.

iv. <u>ജില്ലാ വിദ്യാഭ്യാസ ഓഫീസർ</u>

ചവറ ഉപജില്ലാ വിദ്യാഭ്യാസ ആഫീസിന്റെ പരിധിയിൽ വരുന്ന എയ്ഡഡ് സ്കൂളായ എസ്.കെ.വി.യു.പി.എസ് മൈനാഗപ്പള്ളിയിലെ 2004-2005 വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ ഉത്തരവ് പ്രകാരം ചവറ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ അനുവദിച്ചു നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടി സ്കൂളിൽ 11 ഡിവിഷനുകൾ നിലനിന്നിരുന്നു. 23.07.2004, 17.02.2005 തീയതികളിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും പ്രസ്തുത സ്കൂളിൽ നടത്തിയ സൂപ്പർ ചെക്ക് സെൽ പരിശോധനയിൽ ഡിവിഷനുകളുടെ എണ്ണം 8 ആയി കുറയുകയും എൽ.ജി ഹിന്ദി ഉൾപ്പെടെ 4 പോസ്റ്റുകൾ ഇല്ലാതാവുകയും ചെയ്തു. അതിൻപ്രകാരം എൽ.ജി ഹിന്ദി അദ്ധ്യാപികയായ ശ്രീമതി ഇന്ദിരാദേവി 15.07.2004 ൽ പുറത്താക്കപ്പെട്ടു. പിന്നീട് 2007-2008 ലെ നിലവിലുണ്ടായിരുന്ന 9 ഡിവിഷനുകൾ 11 ഡിവിഷനുകളായി വർദ്ധിച്ചു. എങ്കിലും

പരാമർശം (1) പ്രകാരം നിയമന നിരോധനം നിലനിന്നിരുന്നതിനാൽ അധിക തസ്തിക അനുവദിച്ചില്ല. പരാമർശം (2) ഉത്തരവ് പ്രകാരം നിയമനനിരോധനം പിൻവലിച്ച്കൊണ്ടുള്ള ഉത്തരവ് വന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സൂപ്പർ ചെക്ക് വന്ന സമയത്ത് ഇല്ലാതിരുന്ന കുട്ടികളെ കുറവ് ചെയ്ത് കൊണ്ടാണ് ഫിക്സേഷൻ ക്രമീകരിച്ചത്. ആയതിന്റെ അടിസ്ഥാനത്തിൽ 2007-2008 മുതൽ 2009-2010 വരെയുള്ള തസ്തിക തസ്തിക നിർണ്ണയം പുനക്രമീകരിച്ചു പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം (3) പ്രകാരമുള്ള സർക്കുലറിൽ അടിസ്ഥാനത്തിൽ 2007-2008 മുതൽ 2009-2010 വരെ 5 മുതൽ 7 വരെ ക്ലാസ്സുകളിൽ 10 ഡിവിഷൻ മാത്രമാണ് അനുവദിച്ചു നൽകിയത്. ആയതിനാൽ ഒന്നിലധികം ഹിന്ദി തസ്തിക അനുവദിക്കാൻ സാധിച്ചിരുന്നില്ല. തുടർന്ന് ശ്രീമതി ഇന്ദിരാദേവി എൽ.ജി ഹിന്ദിയെ 01/06/2011 മുതൽ അദ്ധ്യാപക പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാകുന്നു. നിലവിൽ ടിയാരി കരുനാഗപ്പള്ളി ബി.ആർ.സി യിൽ സി.ആർ.സി കോ-ഓർഡിനേറ്റർ ആയി ജോലി ചെയ്തു വരുന്നു.

3. മേൽ സാഹചര്യത്തിൽ ഇത് സംബന്ധിച്ച് പരാമർശം 7 പ്രകാരം സമർപ്പിച്ച റിവിഷൻ ഹർജി, നേരിൽ കേട്ട വേളയിലെ പരാതിക്കാരിയുടെ വാദം, പരാമർശം 9 മുതൽ 11 വരെ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകൾ, നിലവിലുള്ള ഉത്തരവുകൾ ,നിയമങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

4.മൈനാഗപ്പള്ളി എസ്.കെ.വി യു.പി സ്കൂളിൽ 2006-07 മുതൽ 2009-2010 വരെ നിയമനനിരോധനം നിലനിന്നതിനാലാണ് തസ്തിക അനുവദിക്കാതിരുന്നിട്ടുള്ളത്. മാത്രമല്ല, 23.07.2004, 17.02.2005 തുടങ്ങിയ തീയതികളിലെ സൂപ്പർചെക്ക് പരിശോധനയെ തുടർന്ന് ഡിവിഷനുകളുടെ എണ്ണം 11-ൽ നിന്നും 8 ആയി കുറയുകയും എൽ.ജി (ഹിന്ദി) ഉൾപ്പടെ 4 തസ്തികകൾ ഇല്ലാതാവുകയും ചെയ്തു. അതിൻപ്രകാരം എൽ.ജി ഹിന്ദി അദ്ധ്യാപികയായ ശ്രീമതി. ഇന്ദിരാദേവി.എസ് 14.07.2004 ൽ പുറത്താക്കപ്പെട്ടു. പിന്നീട് 2007-2008 ൽ ഡിവിഷനുകളുടെ എണ്ണം 11 ആയി വർധിപ്പിച്ചുവെങ്കിലും പരാമർശം (1) പ്രകാരം നിയമന നിരോധനം നിലനിന്നിരുന്നതിനാൽ അധിക തസ്തിക അനുവദിക്കുകയുണ്ടായില്ല. പരാമർശം (2) ഉത്തരവ് പ്രകാരം നിയമന നിരോധനം പിൻവലിച്ചുകൊണ്ടുള്ള ഉത്തരവ് വന്നതിന്റെ അടിസ്ഥാനത്തിൽ 2007-2008 മുതൽ 2009-2010 വരെയുള്ള തസ്തിക നിർണ്ണയം പുന: ക്രമീകരിച്ചു. പരാമർശം (3) പ്രകാരമുള്ള സർക്കുലറിന്റെ അടിസ്ഥാനത്തിൽ സൂപ്പർചെക്ക് സെൽ പരിശോധനാ സമയത്ത് ഇല്ലാതിരുന്ന കുട്ടികളെ കുറവ് ചെയ്തുകൊണ്ടാണ് സ്റ്റാഫ് ഫിക്സേഷൻ ക്രമീകരിച്ചിട്ടുള്ളത്. ഇപ്രകാരം 2007-2008 മുതൽ 2009-2010 വരെ 5 മുതൽ 7 വരെ ക്ലാസുകളിൽ 10 ഡിവിഷൻ മാത്രമാണ് അനുവദിച്ചത്. 2008-2009, 2009-2010

വർഷങ്ങളിൽ ചവറ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ സ്കൂൾ സന്ദർശനം നടത്തി കുട്ടികളുടെ എണ്ണം ഉറപ്പ് വരുത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഒന്നിലധികം ഹിന്ദി തസ്തിക അനുവദിക്കുവാൻ കഴിയുമായിരുന്നില്ല എന്ന് ചവറ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിനെ തുടർന്ന് ടിയാരിയെ 01.06.2011 മുതൽ അദ്ധ്യാപക പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല സ്കൂൾ മാനേജർ പരാമർശം (2) പ്രകാരമുള്ള ബോണ്ട് വച്ചിട്ടില്ല എന്നും ചവറ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. എന്നാൽ 2007-2008 മുതൽ 2009-2010 വരെയുള്ള തസ്തിക നിർണ്ണയം ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ നടത്തിയിട്ടില്ലന്നും, സൂപ്പർചെക്ക് സെൽ പരിശോധന പ്രകാരമുള്ള സ്റ്റാഫ് ഫിക്സേഷൻ ആണ് ടി മൂന്നു വർഷവും നടത്തിയിട്ടുള്ളതെന്നും ആയത് പരിഗണിക്കാതെ ആണ് പൊതുവിദ്യാഭ്യാസ ഡയറക്ടർ അപേക്ഷനി രസിച്ചതെന്നുമാണ് ഹിയറിംഗ് വേളയിൽ ഹർജിക്കാരിയുടെ പ്രതിനിധി അറിയിച്ചത്.

5. 2007-2008 ൽ ഡിവിഷനുകളുടെ എണ്ണം 11 ആയി വർധിപ്പിച്ചുവെങ്കിലും പരാമർശം (1) പ്രകാരം നിയമന നിരോധനം നിലനിന്നിരുന്നതിനാൽ അധിക തസ്തിക അനുവദിക്കുകയുണ്ടായില്ലെന്നും പരാമർശം (2) ഉത്തരവ് പ്രകാരം നിയമന നിരോധനം പിൻവലിച്ചുകൊണ്ടുള്ള ഉത്തരവ് വന്നതിന്റെ അടിസ്ഥാനത്തിൽ 2007-2008 മുതൽ 2009-2010 വരെയുള്ള തസ്തിക നിർണ്ണയം പുന:ക്രമീകരിച്ചുവെങ്കിലും, പരാമർശം (3) പ്രകാരമുള്ള സർക്കുലറിന്റെ അടിസ്ഥാനത്തിൽ സൂപ്പർചെക്ക് സെൽ പരിശോധനാ സമയത്ത് ഇല്ലാതിരുന്ന കുട്ടികളെ കുറവ് ചെയ്തകൊണ്ടാണ് സ്റ്റാഫ് ഫിക്സേഷൻ ക്രമീകരിച്ചിട്ടുള്ളത് എന്നതിനാൽ ഇപ്രകാരം 2007-2008 മുതൽ 2009-2010 വരെ 5 മുതൽ 7 വരെ ക്ലാസുകളിൽ 10 ഡിവിഷൻ മാത്രമാണ് അനുവദിച്ചതെന്നും കാണുന്നു. എന്നാൽ സൂപ്പർചെക്ക് സെൽ പരിശോധന നടത്തിയത് എന്നാണെന്ന് വ്യക്തമല്ല. 2007-2008 മുതൽ 2009-2010 വരെയുള്ള വർഷങ്ങളിൽ സൂപ്പർചെക്ക് സെൽ നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിലാണോ തസ്തിക കുറവ് ചെയ്തത് എന്ന് ബന്ധപ്പെട്ട ഓഫീസർ പരിശോധിക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം അനുവദനീയമായ തസ്തിക കുറവ് ചെയ്തത് ചട്ടപ്രകാരം നിലനിൽക്കില്ലായെന്നും, അപ്രകാരം പരിശോധിക്കുമ്പോൾ അധിക തസ്തികക്ക് അർഹതയുള്ളതായി കാണുന്ന പക്ഷം 51എ അവകാശിയെന്ന നിലയ്ക്ക് ടിയാരിയുടെ നിയമനം അംഗീകരിക്കാവുന്നതാണെന്നുമുള്ള നിർദ്ദേശം ചവറ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് നൽകി ഉത്തരവാകുന്നു.

6. മേൽ പ്രകാരം റിട്ട് ഹർജി നം. 23786/2022 മേലുള്ള പരാമർശം (8) വിധിന്യായം പാലിച്ചിക്കുന്നു.

സ.ഉ.(സാധാ) നം.4644/2023/GEDN

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUNITHA.S.GEORGE

അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലം.

ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചവറ.

മാനേജർ, എസ്.കെ.വി. യു.പി.എസ്, നോർത്ത് മൈനാഗപ്പള്ളി പി.ഒ, കൊല്ലം - 690519

ശ്രീമതി.ഇന്ദിരാദേവി എസ്, എൽ.ജി ഹിന്ദി ടീച്ചർ, എസ്.കെ.വി. യു.പി.എസ്, നോർത്ത് മൈനാഗപ്പള്ളി പി.ഒ, കൊല്ലം. - 690519

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar C O
Date: 16-08-2023 10:46:49
സെക്ഷൻ ഓഫീസർ